# കോടശ്ശേരി സിഡി എസ്സിന്റെ കോറോണക്കാല പ്രവർത്തനങ്ങൾ

ചാലക്കുടി ബ്ലോക്കിലെ കോടശ്ശേരി സിഡിഎസ്സിന് കോറോണ കാലത്ത് വളരെ നല്ല ഏകോപനവും പ്രവർത്തനവും കാഴ്ചവയ്ക്കാൻ കഴിഞ്ഞു. പഞ്ചായത്ത് ഭരണസമിതിയും കുടുംബശ്രീ സിഡിഎസ്സും ആരോഗ്യ പ്രവർത്തകരും മറ്റ് സന്നദ്ധ സംഘടനകളും സഹായിച്ചു.

കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനും വേ  ി വാട്സ് ആപ്പ് ഗ്രൂപ്പ് രൂപീകരിച്ചു. സർക്കാരിന്റെയും കുടുംബശ്രീയുടെയും നിർദ്ദേശങ്ങൾ താഴെത്തട്ടിലേക്ക് എത്തിക്കാൻ ഇതുകൊ  ് സാധിച്ചു. കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി മാസ്ക് വിതരണം ചെയ്തു. കുറ്റിച്ചിറ എൽ പി സ്കൂൾ, നായരങ്ങാടി യു പി സ്കൂൾ എന്നീ ര  ് സ്ഥലങ്ങളിൽ മാർച്ച് 27 ന് കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തനം ആരംഭിക്കുകയും ഏകദേശം 7400 ഭക്ഷണപോതികൾ അതിഥിതൊഴിലാളികൾക്കും ആശ്രയഗുണഭോക്താക്കൾക്കും പാവപ്പെട്ടവർക്കും നൽകാൻ സാധിച്ചു. കുറ്റിക്കാട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് 50000 രൂപ സംഭാവന നൽകി. വെള്ളിക്കുളങ്ങര പോലീസ് സ്റ്റേഷനിൽ നിന്നും അരിയും പലവ്യഞ്ജനങ്ങളും നൽകി.



മുഖ്യമന്ത്രീയുടെ സഹായഹസ്തം പദ്ധതിയിലൂടെ 187 അയൽകൂട്ടങ്ങളിലായി 2260 അംഗങ്ങൾക്ക് 1,62,41,678/- രൂപ സഹായധനം ലഭിച്ചു.

പഞ്ചായത്തിലെ വിവിധ ടൈലറിംഗ് യുണിറ്റുകൾ ബ്ലോക്കിലേക്ക് മാസ്കുകൾ നിർമ്മിച്ചു നൽകി.

എംകെഎസ്പി - ജെ എൽ ജി കളുടെ കൃഷി കോറോണകാലത്ത് വേ  വിധ ത്തിൽ ശ്രദ്ധിക്കാൻ കഴിയാതെ നശിച്ചുപോയിരുന്നു. എന്നാലും അവർ ഗ്രോബാഗ്, മട്ടുപാവ് കൃഷി, അടുക്കളതോട്ടം എന്നിവയിൽ വളരെയധികം ശ്രദ്ധചെലുത്തി. കൂടാതെ മൈക്രോഗ്രീൻ ക്യാമ്പയിൻ, ചച, മച ക്യാമ്പയിൻ എന്നിവയിലും പങ്കാളികളായി.



ബാലസഭാകുട്ടികൾക്കായി കളിപ്പാട്ടനിർമ്മാണ മൽസരം നടത്തി. വയോജനങ്ങൾ



അനുഭവക്കുറിപ്പ് തയ്യാറാക്കി.

എസ് ടി ആശ്രയ കുടുംബങ്ങൾക്കായി വിഷുകൈനീട്ടത്തിൽ ഉൾപ്പെടുത്തി ലഭിച്ച പച്ചക്കറി കിറ്റ് വിതരണം ചെയ്തു.




സുഭിക്ഷകേരളം പദ്ധതിക്കായി നിലം ഒരുക്കി കൃഷിചെയ്യുന്നതിന് തീരുമാനിച്ചു. കുടുംബശ്രീയുടെ എല്ലാ പ്രവർത്തനങ്ങൾക്കും പഞ്ചായത്ത് എല്ലാ പിന്തുണയും നൽകി വരുന്നു.



ചെയർപേഴ്സൺ

ഗീത രവി

മെമ്പർ സെക്രട്ടറി

ബിന്ദു

ബ്ലോക്ക് കോ ഓഡിനേറ്റർ

ആയിഷ കെ പി